കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തെന്നല ഗ്രാമ പഞ്ചായത്ത് 2016-17

## ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/1811/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

ഇ-മെയിൽ -dompm.ksad@kerala.gov.in

വെബ്-www.lfa.kerala.gov.in

ഫോൺ 0483 2734951

തീയതി. 07-09-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

തെന്നല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തെന്നല ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്നല ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http:aims.ksad.kerala.gov.in സൈറ്റിൽ ഇ സബ്മിഷനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 22, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ എസ് എ. എം.പി.എം.14/1811/2017 തിയ്യതി: 07-09-2017

<u>മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ **2016-17**സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.9.2016 മുതൽ 23.7.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ എ.എസ് . ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം: 24.7.2017 മുതൽ 1.8.2017വരെ

**1.** <u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :</u>

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ഷീബ. ഇസഡ്. | ഓഡിററ് ഓഫീസർ (ഹ. ഗ്രേ.) |
| 2 | ശ്രീ.അബ്ദുൾ ഗഫൂർ .സി | അസിസ്റ്റന്റ് ഓഡിററ് ഓഫീസർ |
| 3 | ശ്രീ സക്കീർ ഹുസൈൻ പി | അസിസ്റ്റന്റ് ഓഡിററ് ഓഫീസർ |

| | | |
|---|---|---|
| 4 | ശ്രീമതി.ലത. ഒ.വി. | ഓഡിറ്റർ |

**2.**നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ എം കുഞ്ഞിമൊയ്തീൻ | 1.4.2016 മുതൽ 31.3.2017വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.മോഹനൻ പുഴിയ്ക്കൽ– | 1.4.2016മുതൽ 19.4.2016വരെയും 16.5.2016മുതൽ 7.8.2016വരെയും |
| 2 | ശ്രീമതി . ലത. എം. ഹെഡ് ക്ലർക്ക് (ഇൻ ചാർജ്) | 20.4.2016മുതൽ 15.5.2016വരെ |
| 3 | ശ്രീമതി . ലത. എം. ഹെഡ് ക്ലർക്ക് (ഇൻ ചാർജ്) | 8.8.2016മുതൽ 28.8.2016വരെ |
| 4 | ശ്രീ.വേണുഗോപാലൻ എം പി -അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്) | 29.8.2016മുതൽ 17.11.2016വരെ |
| 5 | ശ്രീമതി. ജോളി ജോൺ ജെ അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്) | 18.11.2016മുതൽ 11.1.2017വരെ |
| 6 | ശ്രീ ഷെയ്ക്ക് ബിജു | 12.1.2017മുതൽ 31.3.2017വരെ |

മററുനിർവഹണാധികാരികൾ

| ക്രമ നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി നിമ്മി. ആർ | 1.4.2016മുതൽ 31.3.2017വരെ |

| | | | |
|---|---|---|---|
| 2 | വില്ലേജ് എക്സ്റ്ററൻഷൻ ഓഫീസർ | ശ്രീ. ശശി.കെ.എം | 1.4.2016മുതൽ 21.11.2016വരെ |
| | | ശ്രീ.സിജിൻ കെ. വി. | 22.11.2016മുതൽ 31.3.2017വരെ |
| 3 | മെഡിയ്ക്കൽ ഓഫീസർ (ആരോഗ്യം) | 1.ഡോ.അബ്ദുൾ റഷീദ്.കെ.ടി 2.ഡോ.ദിവ്യ. പി.ടി | 1.4.2016മുതൽ 28.7.2016വരെ 29.7.2016മുതൽ 31.3.2017വരെ |
| 4 | മെഡിയ്ക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റിയ മുഹമ്മദ് | 1.4.2016മുതൽ 31.3.2017വരെ |
| 5 | മെഡിയ്ക്കൽ ഓഫീസർ (ആയുർ വേദം) | ഡോ. ഷെമി. കെ. | 1.4.2016മുതൽ 31.3.2017വരെ |
| 6 | വെറ്ററിനറി സർജൻ | ഡോ.അബ്ദുൾ ഗഫൂർ പൂങ്ങാടൻ | 1.4.2016മുതൽ 31.3.2017വരെ |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. കദീജക്കുട്ടി. പി.വി. | 1.4.2016മുതൽ 31.3.2017വരെ |
| 8 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ഉദയകുമാർ.സി. | 1.4.2016മുതൽ 14.7.2016വരെ |
| | | ശ്രീ.മാക്സ് വെൽ കെ സി | 15.7.2016മുതൽ 31.3.2017വരെ |
| 9 | ഡയറി എക്സ്റ്ററൻഷൻ ഓഫീസർ | ശ്രീ.ഗ്രൈസ് എ തച്ചിങ്ങൽ | 1.4.2016മുതൽ 31.3.2017വരെ |

ഉള്ളടക്കം

## ഭാഗം **1**

പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | ആഭ്യന്തരനിയന്ത്രണം | 1(11) |
| 12 | അനുബന്ധ പത്രികകൾ | 1(12) |
| | ഭാഗം **2**<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ഡി&ഒ ലൈസൻസ് ഫീ അപാകതകതകൾ | 2(1) |
| 14 | തൊഴിൽ നികുതി- അനുബന്ധരജിസ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 2(2) |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2(3) |
| | ഭാഗം 3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | പട്ടിക ജാതി വിഭാഗത്തിന് വീട് വെക്കാൻ സ്ഥലം വാങ്ങൽ | 3(1) |
| 17 | ഭവന നിർമാണം പൂർത്തിയായില്ല. | 3(2) |
| 18 | ഭവന പദ്ധതി -വിനിയോഗ വിവരം ഇല്ല | 3(3) |
| 19 | ആയുർവ്വേദ മരുന്നുകൾ മുഴുവനും ലഭ്യമായില്ല- തുക തടസ്സം ചെയ്യുന്നു | 3(4) |
| 20 | ആശ്രയ പ്രേജക്ട് തുടർ സേവനപദ്ധതി, - രണ്ടാം ഘട്ടം പ്രൊജക്ട് അംഗീകാരമായെങ്കിലും നടപ്പിലാക്കിയില്ല | 3(5) |
| 21 | ഇ.എം.ഡി.,ടെൻഡർ ഫീ എന്നിവ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയില്ല: | 3(6) |
| 22 | അസിസ്ററന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രൊജക്ടുകൾ | 3(7) |
| 23 | ഹോമിയോ മരുന്നുകൾക്കായി മുൻകൂർതുക നൽകി- കരാറുടമ്പടിവച്ചില്ല- മരുന്നുകൾ ലഭ്യമായില്ല | 3(8) |
| 24 | മരുന്ന് മുഴുവൻ ലഭ്യമായില്ല -ചെലവ് തുക തടസ്സം ചെയ്യുന്നു | 3(9) |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3(10) |
| 26 | താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല. | 3(11) |
| 27 | സ്കൂൾ കുട്ടികൾക്ക് നാപ്കിൻ വിതരണം- അപാകതകൾ | 3(12) |
| | ഭാഗം-**IV**<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |

| | | |
|---|---|---|
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 33 | ഓഡിറ്റ് റിക്കവറി | 4(6) |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 36 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) |
|---|---|
| 1/30.3.2016 | 1/30.3.17 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 28.6.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം,തീയതി |
|---|---|---|
| 2016-17 | 25-07-2017 | അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക കണക്കുകളിലെ അപാകതകൾ

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിച്ചിട്ടില്ല. (ബാങ്ക് ബുക്കുകൾ എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.)

2.സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

4. നിർവ്വഹണോദ്യോഗസ്ഥർ മുഖേന നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ നിന്ന് ഈടാക്കിയ VAT, IT, KCWWF എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

5.ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ D&O ലൈസൻസ്എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. RP-4, ഷെഡ്യൂളുകളിലെ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

7.മുൻ വാർഷിക കണക്കിലെ ക്രമ നം. 3 ഒഴികെയുള്ള അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 19290241 |
| വരവ് | 34923439 |
| ആകെ | 54213680 |

| | |
|---|---|
| ചെലവ് | 30401701 |
| നീക്കിബാക്കി | 23811979 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി lapsed | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9005651 | 9005651 | 8138183 | 0 | 867468 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 1056168 | 1056168 | 1039327 | 0 | 16841 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 2241 | 2241 | 2241 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5022513 | 5022513 | 562539 | 0 | 4459974 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2554755 | 2554755 | 1432721 | 0 | 1122034 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5050458 | 5050458 | 4011907 | 0 | 1038551 | 0 |
| ലോക ബാങ്ക് സഹായം | 0 | 2682384 | 2682384 | 893441 | 0 | 1788943 | 0 |
| എം ജി എൻ ആർ ഇ ജി എസ് | 165 | 6188505 | 6288670 | 6185872 | | 0 | 2798 |
| ബി ഫണ്ട് | 0 | 27217890 | 27217890 | 27217890 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

എ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 37926965 | 85 | 21119278 | 2 | 56 | 56.6 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ – ഇല്ല

<u>നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയവ</u>

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 1733000 | 7 | 1433000 | 0 | 0 | 82.68 |
| വെറ്ററിനറി സർജൻ | 5 | 3443000 | 5 | 3118000 | 0 | 0 | 90.56 |
| എം ഒ (പി എച് | 5 | 1250000 | 4 | 958825 | 0 | 1 | 76.7 |

| | | | | | | | |
|---|---|---|---|---|---|---|---|
| സി) | | | | | | | |
| എം ഒ (ജി എച്ച് ഡി) | 1 | 100000 | 1 | 100000 | 0 | 0 | 100 |
| വി ഇ ഒ | 15 | 5058968 | 13 | 3865327 | 1 | 0 | 76.4 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 5510803 | 7 | 4339315 | 0 | 0 | 78.74 |
| സെക്രട്ടറി | 21 | 4058369 | 12 | 1433982 | 1 | 9 | 35.35 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 100000 | 1 | 91520 | 0 | 0 | 91.52 |
| അസി. എഞ്ചിനിയർ | 78 | 16322825 | 34 | 5428309 | 0 | 44 | 33.25 |
| എം ഒ (ജി എ ഡി) | 1 | 350000 | 1 | 350000 | 0 | 0 | 100 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2682578 | 3726476 | 1043898 | (+)38.91 |
| നികുതിയേതര വരവുകൾ | 532670 | 532584 | 86 | (-)0.016 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 8162405 | 16788 | 7994524 | 97.94 |
| ആകെ | 11377653 | 4426941 | 9038508 | |

## 1-8 ക്ഷേമപദ്ധതികൾ

1.തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 36240 | 19 |
| കർഷകത്തൊഴിലാളി പെൻഷൻ | 587310 | 72 |
| വിധവാ പെൻഷൻ | 9048420 | 881 |
| വാർദ്ധക്യകാല പെൻഷൻ | 13936205 | 1409 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 3046785 | 336 |
| വിവാഹധനസഹായം | 390000 | 9 |
| 50 വയസ്സിനു മുകളിലുള്ള ധനസഹായം | 137930 | 15 |

2.സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2016-17ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 1 | 1 | 0 |
| 2 | കർഷകത്തൊഴിലാളി പെൻഷൻ | 1 | 1 | 0 |
| 3 | വിധവാ പെൻഷൻ | 91 | 91 | 2 |
| 4 | വാർദ്ധക്യകാല പെൻഷൻ | 314 | 314 | 3 |
| 5 | വികലാംഗ പെൻഷൻ | 38 | 38 | 6 |
| 6 | വിവാഹധനസഹായം | 1 | 1 | 0 |
| 7 | 50 വയസ്സിനു മുകളിലുള്ള ധനസഹായം | 3 | 3 | 0 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.7.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 14303 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച | ഗുരുതരമായ ഓഡിറ്റ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | നടത്തിയ തീയ്യതി | | തീയ്യതി | പരാമർശങ്ങൾ |
| 1 | പെർഫോമൻസ് ഓഡിറ്റ് | 11.7.17മുതൽ 13.7.17വരെ | 2/2017മുതൽ 6/2017വരെ | റിപ്പോർട്ട് ലഭിച്ചില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 10.11.2009 മുതൽ 21.11.2009 വരെ | 2004-05 മുതൽ 2008-09 വരെ | 25.2.2017 | ഇല്ല |

## 1-11 ആഭ്യന്തര നിയന്ത്രണം

എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ടി ആർ 7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടേയും പേരും മേൽവിലാസവും ഉൾപ്പെടുത്തി മാസ്ററർ ഇൻകുമ്പൻസി രജിസ്ററർ കാലികമാക്കി സൂക്ഷിയ്ക്കേണ്ടതാണ്.

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് ഫീ അപാകതകതകൾ

2016-17വർഷത്തിലെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

1. പല അപേക്ഷകളിലും പതിപ്പിച്ച സ്ററാമ്പുകൾ റദ്ദ ചെയ്തിട്ടില്ല.
2. അപേക്ഷാ തീയതി, പ്രതിദിന വിറ്റ വരവ്, യന്ത്രത്തിന്റെ കുതിരശക്തി തുടങ്ങിയ വിവരങ്ങൾ മിക്ക അപേക്ഷകളിലും എഴുതിയിട്ടില്ല.
3. അപേക്ഷയെകുറിച്ചുള്ള അന്വേഷണറിപ്പോർട്ട് വിശദമാക്കുകയോ ആയതിന്മേൽ സെക്രട്ടറി തീരുമാനമറിയിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല
4. ജി.ഒ.(ആർ.ടി)795/2007/ത.സ്വ.ഭ.വ തീയതി.16.3.2007പ്രകാരമുള്ള സ്ഥലനാമ സാക്ഷ്യപത്രം, പ്ലാസ്ററിക് നിരോധന സാക്ഷ്യപത്രം എന്നിവ പല അപേക്ഷകളിലും കാണുന്നില്ല.

അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി- അനുബന്ധ രജിസ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിയ്ക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ സ്ഥാപന രജിസ്ററർ, തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് എന്നിവ ഒടുക്കുന്നതിന് ബാധ്യസ്ഥരായ വ്യാപാര സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്ററ് എന്നിവ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തു പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ ലാബുകൾ കച്ചവട സ്ഥാപനങ്ങൾ വർക്ക് ഷോപ്പുകൾ റേഷൻകടകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും ജീവനക്കാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഡി&ഒ ലൈസൻസ്ചുമത്തിയിട്ടുള്ള എല്ലാ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ആനുപാതികമായ തൊഴിൽ നികുതി ഈടാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനത്തിന്റെ പ്രധാന സ്രോതസ്സായ തൊഴിൽ

നികുതി, ഡിമാന്റ് ചെയ്യുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും പിരിഞ്ഞു കിട്ടേണ്ട മുഴുവൻ നികുതിയും ഡിമാന്റ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്

## 2-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2016-17 വർഷത്തിൽ 5കരാറുകാർ ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽ ആരും തന്നെ തൊഴിൽനികുതി റിട്ടേണുകൾ പഞ്ചായത്തിൽ സമർപ്പിയ്ക്കുകയോ അർഹമായ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ല. തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിഭാഗത്തിന് വീട് വെക്കാൻ സ്ഥലം വാങ്ങൽ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പട്ടിക ജാതി വിഭാഗത്തിന് വീട് വെക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള 61/17 നമ്പർ പ്രോജക്ട് പ്രകാരം എസ്.സി.പി ഫണ്ട് 761168 രൂപ വകയിരുത്തി ബിൽ നമ്പർ 23/31.03.2017 പ്രകാരം 724327 രൂപ ചെലവഴിച്ചു. ദേവകി കാട്ടകത്ത്, രൂപിണി പറമ്പേരി എന്നീ രണ്ട് ഗുണഭോക്താക്കൾക്കാണ് ഇപ്രകാരം ധനസഹായം അനുവദിക്കുന്നത്. ഇവർ ഭരണ സമിതിയുടെ 7/26.2.2016 പ്രകാരം അംഗീകരിച്ച ലിസ്റ്റിലെ ആദ്യത്തെ രണ്ട് ഗുണഭോക്തക്കളാണ്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ കൊടുത്ത കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-ദേവകി കാട്ടകത്ത് w/o ദാസൻ എന്ന ഗുണഭോക്താവ് സൈഫുന്നീസ എന്ന വ്യക്തിയിൽ നിന്നാണ് ഭൂമി വാങ്ങുന്നത്. വേങ്ങര SCDO യുടെ 07.01.2016 ലെ കത്തിൽ ഇവരുടെ ഭർത്താവ് ദാസന് ഭൂമി വാങ്ങുന്നതിന് SCDO യുടെ M2-8888/15 Dtd 10.07.2015 ഉത്തരവ് പ്രകാരം 2015-16 വർഷത്തെ എസ്.സി വകുപ്പിന്റെ ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെട്ടതായും 375000രൂപ അനുവദിക്കുന്നതായും വ്യക്തമാക്കുന്നുണ്ട്. ഈ ഗുണഭോക്താവിന് എസ്.സി വകുപ്പിൽ നിന്ന് ധനസഹായം നൽകിയിട്ടില്ല എന്ന് വ്യക്തമാക്കുന്ന രേഖ ഫയലിൽ ഇല്ല. ഇതേ ആവശ്യത്തിന് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന രേഖയും ഫയലിൽ ഇല്ല.

-ശ്രീമതി.ദേവകിയുടെ പേരിലാണ് പരാമർശിത ഭൂമി രജിസ്റ്റർ ചെയ്തിട്ടുള്ളത്. GO(MS)04/2016 Lsgd Dtd 11.01.2016 സബ്സിഡി മാർഗരേഖയിലെ നിർദ്ദേശ പ്രകാരം ഭൂമി ഭാര്യയുടെയും ഭർത്താവിന്റെയും പേരിലാണ് രജിസ്റ്റർ ചെയ്യേണ്ടിയിരുന്നത്.

2-രൂപിണി പറമ്പേരി എന്ന ഗുണഭോക്താവ് ഭാര്യയുടെയും ഭർത്താവിന്റെയും പേരിലാണ് ഭൂമി രജിസ്റ്റർ ചെയ്തിട്ടുള്ളത്. സുമ എന്ന ഗുണഭോക്താവിൽ നിന്ന് തെന്നല വില്ലേജ് പരിധിയിലെ 6/2 സർവെ നമ്പറിൽപെട്ട 4.67 സെന്റ് ഭൂമിയാണ് വാങ്ങിയത്.

പരാമർശിത ഉത്തരവിന്റെയും തുടർന്നുള്ള GO(Ms)268/2017/Lsgd Dtd 31.01.2017 ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഗ്രാമ പ്രദേശത്ത് അഞ്ച് സെന്റ് ഭൂമിക്ക് അനുവദിക്കാവുന്ന തുകയാണ് 3.75 ലക്ഷം രൂപ. ഗുണഭോക്താവിന് എസ്.സി വകുപ്പിന്റെ ധനസഹായം ഇതേ ആവശ്യത്തിന് ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ല. ഇതേ ആവശ്യത്തിന് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന രേഖയും ഫയലിൽ ഇല്ല.

## 3-2 ഭവന നിർമാണം പൂർത്തിയായില്ല.

ജവഹർലാൽ നെഹ്റു ഭവന പദ്ധതി എന്ന പേരിൽ 2015-16 വർഷം ആരംഭിച്ച ഭവന പദ്ധതിയിൽ പതിനേഴ് ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. മുൻ വർഷം പ്രവൃത്തി ആരംഭിക്കുകയും സ്പിൽ ഓവറായി 18/2017 പ്രോജക്ടിന്റെ ഭാഗമായി തുടർ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു. പ്രോജക്ടിന്റെ ഭാഗമായി പതിനേഴ് ഗുണഭോക്താക്കൾ കരാർ വെക്കുകയും ഇതിൽ പതിനാറ് ഗുണഭോക്താക്കളും ഭവന നിർമ്മാണ പ്രവൃത്തി 2016 -17 വർഷം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റംല w/o സിദ്ധീഖ് എന്ന ഗുണഭോക്താവ് (വാർഡ് പതിനൊന്ന്) രണ്ട് ഗഡു ധനസഹായ തുകയായ 140000 രൂപ മാത്രം വാങ്ങിയതായിട്ടാണ് ഫയലിലും രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഗുണഭോക്താവിന്റെ ഭവന നിർമ്മാണ പ്രവൃത്തി ഇനിയും പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ഭവന പദ്ധതി -വിനിയോഗ വിവരം ഇല്ല

PMAY സ്കീമിൽ ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 90/2017 പ്രോജക്ടിന്റെ ഭാഗമായി ജനറൽ വിഭാഗത്തിന്റെ വിഹിതം വേങ്ങര ബ്ലോക്കിൽ അടവാക്കുന്നതിനായി ബിൽ 12/20.03.2017 പ്രകാരം 140000 രൂപ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പിൻവലിക്കുന്നുണ്ട്. ഈ തുക 89676 ൽ അവസാനിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്ക് വേങ്ങര ശാഖയിലെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ രസീത് ലഭ്യമാവുകയോ, വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ചലവു തുക തടസ്സം ചെയ്യുന്നു.

## 3-4 ആയുർവ്വേദ മരുന്നുകൾ മുഴുവനും ലഭ്യമായില്ല- ചെലവു തുക തടസ്സം ചെയ്യുന്നു

ഗവണ്മെന്റ് ആയുർവ്വേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നവാങ്ങൽ പദ്ധതിയ്ക്കായി പ്രോജക്ട് നമ്പർ S0099/17 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിൽ നിന്ന് 3,50,000/- രൂപ വകയിരുത്തിയത് ബിൽ നമ്പർ 2/16-17 30.12.2016 പ്രകാരം മാറി ഡിഡി നമ്പർ 638580/30.12.16 ആയി ഔഷധി മാനേജിംഗ് ഡയറക്ടർ, തൃശ്ശൂരിന് കരാറുടമ്പടി വെച്ച് കൈമാറിയെങ്കിലും 2,30,591/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിററ് തീയതിയായ 27.7.2017 വരെ ലഭ്യമായത്. കരാറുടമ്പടി വെച്ച് തുക കൈമാറിയെങ്കിലും 60 ദിവസത്തിനുള്ളിൽ ഔഷധി മരുന്നുകൾ ലഭ്യമാക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർ നടപടിയൊന്നും സ്വീകരിക്കാത്തതിന് ഓഡിററ് എൻക്വയറി നമ്പർ 3/27.7.2017 പ്രകാരം വിശദീകരണം തേടിയതിന് മരുന്നുകൾ ഉടൻ ലഭ്യമാക്കുന്നതാണെന്ന് സ്ഥാപനം അറിയിച്ചതായി മറുപടി നൽകിയിട്ടുണ്ട്. 119409/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം അറിയിക്കുന്നതുവരെ തുക തടസ്സം ചെയ്യുന്നു.

## 3-5 ആശ്രയ പ്രേജക്ട് തുടർ സേവനപദ്ധതി, - രണ്ടാം ഘട്ടം പ്രൊജക്ട് അംഗീകാരമായെങ്കിലും ജില്ലാ ബ്ലോക്ക് വിഹിതം വകയിരുത്താത്തതിനാൽ നടപ്പിലാക്കിയില്ല

സ.ഉ (എം.എസ്) നം.4/2016/ത.സ്വ.ഭ.വ തീയതി 11.1.16 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയറി അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ പൊതു നിർദ്ദേശങ്ങൾ 12.3 ൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ഇല്ലായ്മകൾ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി, ഒരു നിശ്ചിത കാലയളവിനുള്ളിൽ ഇല്ലായ്മകൾ പൂർണമായി പരിഹരിയ്ക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും രൂപം നൽകണം. കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഉപയോഗപ്പെടുത്തി അയൽക്കൂട്ടതലത്തിലും വാർഡ് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും പദ്ധതി തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യ നിർമാർജ്ജന ഉപപദ്ധതിയ്ക്ക് രൂപം നൽകണം. മാർഗരേഖയിൽ അനുബന്ധം 13 ആയി ചേർത്ത പരിചരണ സേവന പാക്കേജ് പരിഗണിച്ച്, ഒരു ആശ്രയ പദ്ധതി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തെന്നല ഗ്രാമ പഞ്ചായത്തിൽ ആശ്രയ ഒന്നാം ഘട്ടത്തിന് 31.3.2017 വരെ തുക ചെലവഴിക്കുന്നതിന് കുടുംബശ്രീ ജില്ല മിഷൻ കോ-ഓർഡിനേററർ അനുമതി നൽകിയിട്ടുണ്ട്. വീട്ടു നിർമ്മാണത്തിനായി 200000/- രൂപ വിവിധ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. 6181528/- രൂപ ചെലവഴിച്ചിട്ടുണ്ട്. 6458412/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. കേരള ഗ്രാമീണ ബാങ്കിന്റെ എടരിക്കോട് ശാഖയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 40174101011377ൽ 01.05.2017ൽ 2160500/- രൂപ (പലിശയടക്കം) നീക്കിയിരിപ്പുണ്ട്. രണ്ടാം ഘട്ട പദ്ധതി സ.ഉ(സാധാ)നം 1765/2017/ത.സ്വ .ഭ.വ.27.5.2017 പ്രകാരം 2017-2020 ലേയ്ക്ക് 7447500 രൂപ അടങ്കലുള്ള പദ്ധതിക്ക് അംഗീകാരമായെങ്കിലും ബ്ലോക്ക്- ജില്ലാ പഞ്ചയത്തുകളുടെ വിഹിതം വകയിരുത്താതെ പഞ്ചായത്തിന്റെ വികസന ഫണ്ട് 2000000/-ലക്ഷം വീതം വകയിരുത്തി മൂന്നു വർഷത്തേക്കായി 6000000/- രൂപ പഞ്ചായത്തിന് ഒററയ്ക്ക് സ്വരൂപിക്കാൻ കഴിയാത്തതിനാൽ നടപ്പാക്കാനായില്ല. ബ്ലോക്ക് - ജില്ലാ പഞ്ചായത്തു വിഹിതം ഉൾപ്പെടുത്തി പ്രോജക്ട് പരിഷ്കരിച്ച് അംഗീകാരം വാങ്ങിയ ശേഷമേ പദ്ധതി നടപ്പിലാക്കാനാവൂ. പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഒഴിവാക്കാമായിരുന്ന അശ്രദ്ധയാണ് പദ്ധതി അകാരണമായി വൈകിച്ചത് എന്നത് ഗൗരവമുള്ള സംഗതിയാണ്. ദാരിദ്ര്യനിർമാർജന ഉപപദ്ധതിയിൽ "ആശ്രയ " എന്ന സ്പഷ്ട പ്രോജക്ട് ഉണ്ടായിരിയ്ക്കണമെന്നതിനാൽ, രണ്ടാം ഘട്ട പദ്ധതി അംഗീകാരത്തിനുള്ള ഊർജിത ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 3-6 ടെൻഡർ ഫീ പഞ്ചായത്തിൻറ അക്കൗണ്ടിലേയ്ക്ക് കൈമാറിയില്ല

ഇ-ടെൻഡർ മുഖേന സ്വീകരിച്ച ടെൻഡർ ഫീ സർക്കാർ ഉത്തരവ്, സർക്കുലർ നിർദ്ദേശം എന്നിവ പാലിച്ച് പഞ്ചായത്തിൻറ അക്കൗണ്ടിലേയ്ക്ക് കൈമാറിയില്ല. 2015-16 ൽ ഇ-ടെൻഡർ ചെയ്ത് 2016-17ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടിനും 2016-17 ൽ ഇ-ടെൻഡർ ചെയ്ത പ്രോജക്ടിനുമായി ടെൻഡർ ഫീയിനത്തിൽ ശേഖരിച്ച തുകകൾ ഓൺലൈനായി എക്സി.എഞ്ചിനീയർ മലപ്പുറത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തത് നാളിതുവരെ പഞ്ചായത്തിൻറ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല എന്ന് ഓഡിററ് എൻക്വയറി 2/25.7.17 ന മറുപടിയിൽ

അസി.എഞ്ചിനീയർ അറിയിച്ചു. സ,ഉ.(എം.എസ്)318/13/ത.സ്വ.ഭ.വ. 28.9.2013, പ്രകാരവും 10.10.2013, 19.12.2016, 21.12.2016 എന്നീ തീയതികളിലെ ഡി.ബി.-1-7942/2013/സി.ഇ/LSGD സർക്കുലർ നിർദ്ദേശ പ്രകാരവും തെന്നല ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറേണ്ടതാണ്. ആകെ കൈമാറേണ്ട 194900/- രൂപയുടെ വിശദവിവരം ചുവടെ ചേർക്കുന്നു

| പ്രോജക്ടിന്റെ വിവരം | ടെൻഡർ തീയതി | ഓൺലൈനായി ഒടുക്കിയ തുക |
|---|---|---|
| S111/16 പട്ടതൊടിക കുട്ടിഹസ്സൻകുട്ടി സ്മാരക റോഡ് കോൺക്രീററിംഗ് (950000) | 4.8.2015 | 95200<br>(23800 X 4) |
| S112/16 മാട്ടുൻ കോളനി ആസാദ് കുണ്ടുകളും റോഡ് കോൺക്രീററിംഗ് (546801/-) | 4.8.15 | 54800/-<br>(13700 X 4) |
| S081/16 കോലോത്ത് തെക്കേക്കര റോഡ് കോൺക്രീററിംഗ് (345000/-)<br>സ്പിൽ ഓവർ -S011/17 | 4,8.15 | 26100/-<br>(8700 X 3) |
| S0136/17 പഞ്ചായത്ത് ഓഫീസ് നവീകരണം (751401/-) | 13.3.17 | 18800/- |

ആകെ 194900/-

മേൽ തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 അസിസ്ററന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രൊജക്ടുകൾ

1പദ്ധതി നിർവ്വഹണം സംബന്ധിച്ച്

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസി. എഞ്ചിനിയർ നിർവ്വഹണം നടത്തുന്നതിനായി ആകെ 78 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 34 പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 61 പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. അസി.എഞ്ചിനിയറുടെ പദ്ധതികളിൽ 57% വും നടപ്പാക്കാനായില്ല. ഗ്രാമ പഞ്ചായത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 43% വും അസി. എഞ്ചിനിയറുടെ പദ്ധതികൾക്കാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ ഒരു അസി.എഞ്ചിനിയറും രണ്ട് ഓവർസിയറും ആണുള്ളത്. (ഓവർസിയറിൽ ഒരാൾ താൽകാലികമാണ്). ആകെ 3 ജീവനക്കാർ മാത്രമായതിനാലായിരിക്കാം മുഴവൻ പദ്ധതികളും നടപ്പാക്കാൻ കഴിയാതെ വന്നത്. പഞ്ചായത്തിന്റെ പദ്ധതി പണം ലാപ്സാകാൻ ഇടയാക്കിയത് ശരിയായ നടപടിയല്ല. പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കേണ്ടതും വാർഡുകൾക്കായി ഫണ്ട് വീതം വെയ്ക്കുന്ന രീതി ഒഴിവാക്കേണ്ടതുമാണ്. ആകെ പദ്ധതി അടങ്കൽ 16322825 ൽ ചെലവഴിച്ചത് 5428309 രൂപയാണ്. മൊത്തം ചെലവ് വെറും 33% മാത്രമാണ്.

2.റോഡ് കണക്ടിവിററി പ്ലാനും മാപ്പും തയ്യാറാക്കുന്നില്ല:-

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിററി മാപ്പും റോഡ് കണക്ടിവിററി പ്ളാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിററി മാപ്പിൽ

പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം എസ്.) നമ്പർ 4/2016/ത.സ്വ.ഭ.വ.11.1.2016 ഖണ്ഡിക 11.15ൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. എന്നാൽ ആകെ നിർവ്വഹണം നടത്തിയ 28 റോഡു നിർമ്മാണ പ്രോജക്ടിനൊപ്പവും ഇത്തരം നിബന്ധന പാലിച്ചിട്ടില്ല.

3.വർക്കേഴ്സ് വെൽഫയർ ഫണ്ട് സെസ്സ് കളക്ഷൻ ചാർജ്ജ് പഞ്ചായത്തിൽ ഒടുക്കുന്നില്ല:-

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ടിലെ 3(2) വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്ന മരാമത്തു പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% വെൽഫയർ ഫണ്ട് ബോർഡിൽ അടക്കേണ്ടതാണ്. ആക്ടിന്റെ 3(3) വകുപ്പ് പ്രകാരം ഇപ്രകാരം ഈടാക്കുന്ന സെസ്സിന്റെ 1% തുക ഇതിന്റെ കളക്ഷൻ ചാർജ്ജായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ടതാണ്. 2016-17 ൽ സെസ്സിനത്തിൽ ആകെ 49459 രൂപ ബോർഡിൽ ഒടുക്കിയിട്ടുണ്ട്. അതിന്റെ 1% തുകയായ 495/- രൂപ തെന്നല ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ടതാകയാൽ പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

4 റോഡ് കോൺക്രീററിംഗ് പ്രവൃത്തികൾ - ട്രാഫിക് സർവ്വേ, മണ്ണു പരിശോധന റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നില്ല:-

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 28.9.2015 ലെ ഡി.ബി.4/9099/സി.ഇ./ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം കോൺക്രീററ് പാതകൾ നിർമ്മിക്കുമ്പോൾ സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ ഡി.എസ്.ആർ.കോഡ് 16:42 അനുസരിച്ചാണ് 1:2:4 എന്ന തരം സിമന്റ് കോൺക്രീററ് ചെയ്യേണ്ടത് എന്നും ഈ മാനദണ്ഡം 2010-11 മുതൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുന്നു. ഇതനുസരിച്ച് 1:2:4 എന്ന തരം സിമന്റ് കോൺക്രീററിംഗ് സാധാരണ സാഹചര്യത്തിൽ 5 സെ.മീ. കനത്തിലും വാഹന ബാഹുല്യം, സബ് ഗ്രേഡിന്റെ ഉറപ്പ് എന്നിവ പരിഗണിച്ച് 7.5 സെ.മീ. കനത്തിലും ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട സ്ഥലത്തിന്റെ അവസ്ഥ പരിഗണിച്ച് കൂടുതൽ കനത്തിൽ 1:2:4 കോൺക്രീററിന് വേണമെന്ന് വന്നാൽ വാഹന ബാഹുല്യം കാരണമാണെങ്കിൽ ആക്സിൽ ലോഡ് അറിയുന്നതിന് ട്രാഫിക് സർവ്വേ/ ട്രാഫിക് ഫോർകാസ്ററ് നടത്തുകയും സബ് ഗ്രേഡിന്റെ ഉറപ്പ് കാരണമാണെങ്കിൽ മണ്ണ് പരിശോധന നടത്തി റിപ്പോർട്ടുകൾ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. തെന്നല ഗ്രാമ പഞ്ചായത്തിൽ 2016-17 ൽ ആകെ 28 റോഡു കോൺക്രീററിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. എന്നാൽ മുഴുവൻ പ്രവൃത്തികളിലും ഇത്തരം റിപ്പോർട്ട് തയ്യാറാക്കാതെയാണ് 7.5 സെ.മീ. മുതൽ 10 സെ.മീ.കനത്തിൽ 1:2:4 കോൺക്രീററിംഗ് നടത്തിയിട്ടുള്ളത്. റോഡ് കോൺക്രീററിംഗ് പ്രവൃത്തികൾ അമിത കനത്തിൽ ചെയ്യുമ്പോൾ അവശ്യം വേണ്ട പരിശോധന നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കാണ്ടേതാണ്.

5.ഗുണഭോക്തൃ സമിതി കൺവീനർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ - മാർഗ്ഗരേഖ പാലിയ്ക്കുന്നില്ല:

പൊതുമരാമത്തു ചട്ടങ്ങളിലെ ചട്ടം 13 ലും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന നിബന്ധനകൾ പാലിക്കാതെയാണ് കൺവീനർമാർ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. മിനുട്സ് ബുക്ക്, ദൈനംദിന ഡയറി, വരവു ചെലവു കണക്ക്, അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് നിർമ്മാണ വസ്തുക്കൾ വാങ്ങിയ വാറ്റ് ബില്ലുകൾ എന്നിവ ഹാജരാക്കുന്നില്ല. കൺവീനറുടെയും ചെയർമാന്റെയും പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങി വരവു ചെലവുകൾ ബാങ്ക് വഴി നടത്തുന്നില്ല. 32 കൺവീനർ പ്രവൃത്തികളിലും ഇത്തരം നടപടിക്രമം പാലിച്ചിട്ടില്ല.

6.നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയതിന് കൈപ്പററ് രശീതി ലഭ്യമാകുന്നില്ല:-

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം പൊതുമരാമത്തു പ്രവൃത്തികളുടെ ബില്ലിൽ നിന്ന് നേരിട്ട് സെക്രട്ടറി, കേരളാ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരത്തിന്റെ പേരിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട്നമ്പർ.799011400000072) 2016-17 ൽ 49459 രൂപ ക്രെഡിററ് ചെയ്തു കാണുന്നു. എന്നാൽ തുക ലഭ്യമാകുന്നതിന് ശേഷം കൈപ്പററ് രശീതി ലഭിക്കുന്നില്ല. കൈപ്പററ് രശീതി ലഭ്യമാക്കേണ്ടതാണ്.

7.പൂർത്തീകരണ റിപ്പോർട്ട്, പ്രവൃത്തിയുടെ ഫോട്ടോ എന്നിവ ഹാജരാക്കിയില്ല:-

34 പ്രവൃത്തികൾക്കും പൂർത്തീകരണ റിപ്പോർട്ടുകൾ അസിസ്റ്റന്റ് എഞ്ചിനിയർ ഒപ്പിട്ട് ഹാജരാക്കിയിട്ടില്ല. കൂടാതെ, പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫോട്ടോയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

8.ഇ-ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫോറം വില എന്നിവ പഞ്ചായത്തിന് കൈമാറിയിട്ടില്ല. (ഖണ്ഡിക പ്രത്യേകം പരാമർശിച്ചിട്ടുണ്ട്)

9.രജിസ്റ്റർ സൂക്ഷിപ്പ്:-

ടെണ്ടർ രജിസ്ററർ, എഗ്രിമെന്റ് രജിസ്ററർ, ക്യാഷ്ബുക്ക് എന്നിവ മുഴവൻ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് രജിസ്ററർ, സബ്സിഡിയറി രജിസ്ററർ, വർക്ക് ബിൽ രജിസ്ററർ, എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച 1 മുതൽ 9 വരെയുള്ള അപാകതകൾ പരിഹരിച്ച് പദ്ധതി പ്രവർത്തനം കുററമററ രീതിയിൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഹോമിയോ മരുന്നുകൾക്കായി മുൻകൂർ തുക നൽകി-കരാറുടമ്പടി വച്ചില്ല- മരുന്നുകൾ ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ട് നമ്പർ S0098/17 -ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഫണ്ടിൽ നിന്ന് 100000/- രൂപ വകയിരുത്തിയിരുന്നു. സ.ഉ.(സാ.ധാ)നമ്പർ.876/2013/ത.സ്വ.ഭ.വ./30.3.13. പ്രകാരം ഹോംകോയിൽ നിന്ന് മരുന്നു വാങ്ങുന്നതിന് അവർ നൽകുന്ന ഇൻവോയ്സ് പ്രകാരം മുൻകൂർ തുക ട്രഷറിയിൽ നിന്ന് പിൻവലിക്കാൻ അനുവാദം നല്കിയിട്ടുണ്ട്. ബിൽ നമ്പർ 1/2016-17 14.3.2017 പ്രകാരം മാറിയത് യൂകോ ബാങ്കിന്റെ ആലപ്പുഴ ശാഖയിലെ കറണ്ട് അക്കൗണ്ട് നമ്പർ 09960200009299 ലേയ്ക്ക് ഹോംകോ, മാനേജിംഗ് ഡയറക്ടർക്ക് ക്രഡിററ് ചെയ്തിട്ടുണ്ട്. രശീതി ലഭ്യമായിട്ടില്ല. ഓഡിറ്റ് തീയതിയായ 24.7.2017 നും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നു ലഭ്യമാകാത്തതിന് തുടർ നടപടിയൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവുതുക 100000/-രൂപ ഓഡിററിൽ തടസ്സം ചെയ്യുന്നു. മരുന്നു ലഭ്യമാക്കി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്. (ഓഡിററ് എൻക്വയറി നം.1/24.7.2017ന് മറുപടി ഹാജരാക്കിയില്ല.)

## 3-9 മരുന്ന് മുഴുവൻ ലഭ്യമായില്ല -ചെലവ് തുക തടസ്സം ചെയ്യുന്നു

2016-17 -ൽ നിർവ്വഹണം നടത്തിയ പരിരക്ഷ പദ്ധതിയിൽ (പ്രൊജക്ട് നംS0048 /2017)താഴെപ്പറയും പ്രകാരം KMSCL -ൽ നിന്ന് മരുന്ന് വാങ്ങിയിട്ടുണ്ട്.

1.ബിൽ നം.7/16.3.17 75000

2.ബിൽ നം.8/21.3.17 160000

3.ബിൽ നം.6/16.3.17 200000

--------------------------------

ആകെ 435000

എന്നാൽ നാളിതുവരെയായും മരുന്നൊന്നും ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിച്ച് ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം.7 /1.8.17 ന് മരുന്ന് ലഭ്യമാകാൻ കത്തെഴുതിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്)

## 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2016-17 നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയില്ല

| ക്രമ നം | വൗച്ചർ നം/ബിൽ നം /തി | തുക | ബില്ലിന്റെ വിവരം |
|---|---|---|---|
| 1 | ബിൽ നം.15/17.3.17 | 31938 | IKM ന് നൽകിയ പ്രവർത്തന ഫണ്ട് (പ്രൊജക്ട് നം S0086/17) |
| 2 | ബിൽ നം.16/9.3.17 | 600000 | SSA വിഹിതം അടവാക്കിയത് (പ്രൊജക്ട് നം.S0038/17) |
| 3 | വൗച്ചർനം. 21600656/22.2.17 | 100000 | ABC പദ്ധതിക്കായി മൃഗസംരക്ഷണ വകുപ്പ് |

| | | | |
|---|---|---|---|
| | | | ഡെപ്യൂട്ടിഡയറക്ടർക്ക് നൽകിയത് (ചെക്ക്നം. 9297942/21.2.17) |

ആകെ 731938

ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

| ക്രമ നം | ബില്ലിന്റെ വിവരം | തുക | ബിൽ/വൗച്ചർ നം | റിമാർക്സ് |
|---|---|---|---|---|
| 1 | KREWS വരിസംഖ്യ | 2000 | 21600168/25.6.16 | രസീത് ഇല്ല |
| 2 | പത്താംതരം തുല്യത ഫീസ് അടവാക്കൽ | 67500 | 21600759/17.3.17 | പ്രൊജക്ട്, പഠിതാക്കളുടെ ലിസ്റ്റ്, കൈപ്പറ്റ് എന്നിവ ഇല്ല. |

ആകെ 69500

രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.10/1.8.17 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-12 സ്കൂൾ കുട്ടികൾക്ക് നാപ്കിൻ വിതരണം- അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്കൂൾ കുട്ടികൾക്ക് നാപ്കിൻ വിതരണം എന്ന പദ്ധതിക്കായി (S00113/17- അടങ്കൽ 610988) 305494 (പ്രൊജക്ടിന് വകയിരുത്തിയതിന്റെ പകുതി) രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം.22/31.3.2017) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് മുൻകൂർ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഒരു ഹയർസെക്കന്ററി സ്കൂളിലും ഒരു യു.പി സ്കൂളിലും (രണ്ടും എയ്ഡഡ്) നടപ്പിലാക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

അപാകതകൾ

1.ഗ്രാമപഞ്ചായത്തിന്റെ 26.11.2016 ലെ തീരുമാന പ്രകാരം എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിന് തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തെഴുതിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായതായി കാണുന്നില്ല. സർക്കാർ ഉത്തരവ് ലഭ്യമാകുന്നതിന് മുമ്പെ മുൻകൂർ നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

2.29.3.17 -ൽ ഒരു എഗ്രിമെൻറ് എഴുതിയതിന്റെ പകർപ്പ് ഫയലിൽ ഉണ്ടെങ്കിലും ആയതിൽ വനിതാവികസന കോർപ്പറേഷനെ പ്രതിനിധീകരിച്ച് ആരും ഒപ്പ് വെച്ചതായി കാണുന്നില്ല.

3. പ്രസ്തുത എഗ്രിമെന്റ് പ്രകാരം അഡ്വാൻസ് നൽകി 3 മാസത്തിനകം നാപ്കിൻ, ഇൻസിനേറ്റർ എന്നിവ സ്ഥാപിക്കുന്നതാണെന്ന് വ്യവസ്ഥ ചെയതിട്ടുണ്ട്. പ്രവർത്തി നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകളിലാണ് സ്ഥാപിച്ചത് എന്നതിന്റെ വിശദ വിവരവും, പൂർത്തികരണ പത്രം/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും ബാക്കി തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 11/1.8.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ അനുമതി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കിയിട്ടില്ലെങ്കിൽ തുക പലിശ സഹിതം വനിതാവികസന കോർപ്പറേഷനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വേങ്ങര | 45760 | പാലിന സബ്സിഡി<br>141/17 | 45760 | ഇല്ല |
| | 400000 | പശുവളർത്തൽ പദ്ധതി -വനിത81/17 | 400000 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

(എ) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ബി) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 3000 |

2016-17വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക |
|---|---|
| എടരിക്കോട് സ്പിന്നിംഗ് മില്ലിന്റെ ഷെയർ എടുത്തത് | 3000 |

## 4-6 ഓഡിററ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 52109 രൂപ ഈടാക്കിയിട്ടുണ്ട്

വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2006-07 | 3.3 | 8370 | ഹെഡ്മാസ്റ്റർ<br>കെ എച് എം എച് എസ് എസ് | 11602103065/4.10.16 |
| 2009-10 | 2.1 | 1213 | സി. കെ .ഗിരിജ<br>സെക്രട്ടറി | 11602103477/1.11.16 |
| | 2.1 | 61 | സി .കെ .ഗിരിജ<br>സെക്രട്ടറി | 11602103478/1.11.16 |
| 2013-14<br>14-15 | 2.1 | 665 | ചേക്കു അലവി ആങ്ങാട്ട് | 11602100185/11.4.16 |
| | 2.1 | 1663 | ആസ്യ ചാലേരി | 11602100187/11.4.16 |
| | 2.1 | 529 | അയിഷ കുണ്ടൻകടവത്ത് | 11602100207/11.4.16 |
| | 2.1 | 612 | മുഹമ്മദ് റഫീക്ക് | 1602100211/11.4.16 |
| | 2.1 | 291 | ജാസ്മിൻ ഫാത്തിമസുഹറ | 1602100219/11.4.16 |
| | 2.1 | 312 | ബീവി പൈക്കാടൻ | 1602100507/20.4.16 |
| | | 1000 | അഴുവത്ത് മൻസൂർ | 1602100568/21.4.16 |
| | | 1000 | ബി കെ കുഞ്ഞിപോക്കർ | 1602100643/26.4.16 |
| | | 1000 | തെയ്യൻകുട്ടി കെ പി | 1602100657/26.4.16 |
| | 2.1 | 421 | കുട്ടി ഹസ്സൻ. എ.ടി | 1602101351/13.6..16 |

| | | | |
|---|---|---|---|
| 2.1 | 484 | മറിയാമു.പി കെ | 1602101355/13.6..16 |
| 2.1 | 315 | കുഞ്ഞിമുഹമ്മദ് | 1602101359/13.6..16 |
| 2.1 | 438 | ഭാസ്കരൻ കെ പി | 1602101360/13.6..16 |
| 2.1 | 374 | മുനീർ എ | 1602101363/13.6..16 |
| 2.1 | 327 | കദിയൻകുട്ടി | 1602101369/14.6..16 |
| 2.1 | 327 | ഹസ്സൻകുട്ടി | 1602101386/14.6..16 |
| 2.1 | 364 | മൊയതീൻ ഹാജി | 1602101381/14.6..16 |
| 2.1 | 746 | ഷാഹുൽ ഹമീദ് | 1602101420/16.6..16 |
| 2.1 | 496 | അലി ഹസ്സൻ മുസ്ലിയാർ | 1602101445/18.6..16 |
| 2.1 | 345 | ഇബ്രാഹിം | 1602101452/20.6..16 |
| 2.1 | 333 | ഹംസ | 1602101463/20.6..16 |
| 2.1 | 319 | സെയ്തലവി | 1602101472/20.6..16 |
| 2.1 | 474 | നൗഷാദ് .പി | 1602101568/21.6..16 |
| 2.1 | 461 | സെയ്തലവി .പി | 1602101569/21.6..16 |
| | 1000 | കാരയിൽ കുഞ്ഞീതു ഹാജി | 1602101770/11.7..16 |
| 2.1 | 723 | ഹാജറ | 1602101781/12.7.16 |
| 2.1 | 799 | മുഹമ്മദ് | 1602101791/12.7.16 |

| | | | |
|---|---|---|---|
| 2.1 | 807 | ആലസ്സൻകുട്ടി | 1602102223/9.8.16 |
| 3.4 | 15000 | മോഹനൻ പുഴിയ്ക്കൽ<br>സെക്രട്ടറി | 1602103064/4.10.16 |
| 2.1 | 500 | റഷീദ് പി കെ | 1602104202/27.12.16 |
| 2.1 | 568 | മൊയ്തീൻ കുട്ടി. സി | 1602100275/12.4.16 |
| 2.1 | 497 | മൊയ്തീൻ കുട്ടി ഹാജി | 1602100294/13.4.16 |
| 2.1 | 353 | ഇർഷാദലി | 1602100295/13.4.16 |
| 2.1 | 1000 | ഇസ്മായിൽ എൻ | 1602100585/22.4.16 |
| 2.1 | 430 | അഷറഫ് എം കെ | 2100881/9.5.16 |
| 2.1 | 1000 | റഷീദ് ഓണത്തുകാട്ടിൽ | 2100924/12.5.16 |
| 2.1 | 1000 | അഷറഫ് മച്ചിങ്ങൽ | 2100925/12.5.16 |
| 2.1 | 129 | കദീജകുട്ടി വി പി | 2101037/24.516 |
| 2.1 | 1455 | മുഹമ്മദ് റഫീക്ക് | 2101127/27.5.16 |
| 2.1 | 471 | അബ്ദുൾ നിസാർ കെ | 2101123/27.516 |
| 2.1 | 1085 | ഹൈദ്രു പി | 2101187/31.5.16 |
| 2.1 | 1144 | എറമുട്ടിഹാജി | 2101227/2.6.16 |
| 2.1 | 285 | റഫീക്ക് കെ | 11602101277/6.6.16 |

| | | | | |
|---|---|---|---|---|
| | 2.1 | 611 | അയമുഹാജി കെ | 11602101440/18.6.16 |

ആകെ 52109രൂപ

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2013-14 | 5-2 | (അധ്യായം 9-5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും – പ്രവർത്തനക്ഷമതാ റിപ്പോർട്ട് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിററ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34923439 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30401701 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1901341 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,40,000 | ശ്രീ ഷെയ്ക്ക് ബിജു സെക്രട്ടറി |
| 3-4 | 119409 | ഡോ. ഷെമി. കെ. മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| | | (ആയുർവേദം) |
| 3-8 | 100000 | ഡോ. റിയ മുഹമ്മദ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-9 | 435000 | ഡോ. ദിവ്യ.പി.ടി. മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 3-10 | 731938 | ശ്രീ ഷെയ്ക്ക് ബിജു സെക്രട്ടറി |
| 3-11 | 69500 | 1.ശ്രീ ഷെയ്ക്ക് ബിജു സെക്രട്ടറി 67500<br>2 ശ്രീ മോഹനൻ പൂഴിക്കൽ സെക്രട്ടറി 2000 |
| 3-12 | 305494 | ശ്രീ ഷെയ്ക്ക് ബിജു സെക്രട്ടറി |
| ആകെ | 1901341 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻറെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിററ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | എൽ എഫ്എം9/514/87/31.10.89 | 6 |
| 1983-84 | എൽ എഫ് എം9/446/88/31.10.89 | 3 |
| 1987-88<br>88-89 | എൽ എഫ് എം9/1047/93/1.3.94 | 23 |
| 1989-90<br>90-91 | എൽ എഫ് എം9/937/94/3.8.94 | 4 |

| | | |
|---|---|---|
| 1991-92 | എൽ എഫ് എം128/93/8.7.93 | 1 |
| 1992-93<br>93-94 | എൽ എഫ് എം9/581/96/8.1.97 | 15 |
| 1995-96 | എൽ എഫ് എം15/450/98/8.9.98 | 27 |
| 1996-97 | എൽ എഫ് എം15/4449/96/31.1.05 | 28 |
| 1.7.1998 മുതൽ 31.3.2001 വരെ പ്ലാൻ | എൽ എഫ് എം13/884/04/10.10.04 | 39 |
| 1997-98വരവ് | എൽ എഫ് എം10/2081/06/10.4.07 | 1 |
| 1997-98ചെലവ് | എൽ എഫ് എം15/449/99/31.1.05 | 28 |
| 1998-99 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2083/06/10.4.07 | 16 |
| 1999-00 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2084/06/18.4.07 | 7 |
| 2000-01 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2341/07/15.12.08 | 4 |
| 2001-02 | എൽ എഫ് എം10/2343/07/15.12.08 | 6 |
| 2002-03 | എൽ എഫ് എം10/2342/07/15.12.08 | 8 |
| 2003-04 | എൽ എഫ് എം10/2344/07/15.12.08 | 13 |
| 2004-05 | എൽ എഫ് എം10/1322/08/13.1.09 | 11 |
| 2005-06 | എൽ എഫ് എം10/1735/09/18.1.10 | 9 |
| 2006-07 | എൽ എഫ് എം10/1736/09/26.3.10 | 25 |

| | | |
|---|---|---|
| 2007-08 | എൽ എഫ് എം14/1786/11/15.9.11 | 13 |
| 2008-09 | എൽ എഫ് എം14/1787/11/15.9.11 | 4 |
| 2009-10<br>2010-11 | എൽ എഫ് എം19/3109/14/4.2.15 | 12 |
| 2011-12<br>2012-13 | എൽ എഫ് എം14/883/14/1.11.14 | 5 |
| 2013-14<br>2014-15 | കെ എസ് എ എം പി എം14/510/2016/ 14.3.16 | |
| 2015-16 | കെ എസ് എ എം പി എം14/2729/17<br>28.10.16 | 13 |

**1**

## അനുബന്ധം 1 ഓഡിററ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.14/1811/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി 07-09-16

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെന്നല ഗ്രാമ പഞ്ചായത്തിന്റെ **2016-17** വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

AUDIT CERTIFICATE

No.KSA/MPM.14/1811/2017

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date: 07-09-17

Certified that I have audited the Annual Financial Statement of **Thennela Grama panchayath** in **Malappuram** District of the year ended on **31.3.2017** in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of **Thennela Grama panchayath** for the year **2016-17** except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department